**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4742** **02-07-2024 - ൽ മറുപടിയ്ക്ക്**

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മത്സ്യത്തൊഴിലാളിയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന 5 പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>1 അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം<br><br>2. 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്കുന്നതിനുള്ള പദ്ധതി<br><br>3, പ്രതിഭകളെ ആദരിക്കുന്ന പദ്ധതി<br><br>4. ചെയർമാന്റെ ദുരിതാശ്വാസ നിധി<br><br>5. ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ<br><br>മേൽ പദ്ധതികൾ കൂടാതെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമം മുൻനിർത്തി ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയ പുതിയ 13 പദ്ധതികളുടെ സമഗ്ര പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മത്സ്യബന്ധനസമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം. - നിലവിലെ ധനസഹായ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | 2. വിവാഹ ധനസഹായ പദ്ധതി - നിലവിലെ ധനസഹായ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br><br>3. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി - നിലവിലെ ധനസഹായ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br><br>4. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം<br><br>5. ഗ്രന്ഥശാലകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.<br><br>6. രക്ഷാസേന രൂപീകരിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.<br><br>7. മത്സ്യ, അനുബന്ധത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതി.<br><br>8. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി<br><br>9. മത്സ്യബോർഡ് ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച പദ്ധതി<br><br>10. മത്സ്യത്തൊഴിലാളി / അനുബന്ധ ത്തൊഴിലാളികളിൽ നിന്നും വാർഷിക വിഹിതം ശേഖരിച്ച് വിരമിക്കുന്ന വേളയിൽ തിരികെ നൽകുന്ന പദ്ധതി.<br><br>11. കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി<br><br>12. അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധനസഹായം നൽകുന്ന പദ്ധതി<br><br>13. ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണവുമായി ബന്ധപ്പെട്ട് നടക്കുന്ന സർവ്വേ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; ഈ സർവ്വേയുടെ ഭാഗമായി എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിക്കുന്ന വിവര ശേഖരണത്തിനായി ഫിഷറീസ് വകുപ്പ് ഓരോ പത്ത് വർഷം കൂടുമ്പോഴും Socio Economic Survey നടത്തി വരുന്നു. 2013 |

| | | | |
|---|---|---|---|
| | | | ലാണ് അവസാനമായി ഈ സർവ്വേ നടത്തിയിട്ടുള്ളത്. ഇതുവരെയും സാമ്പിൾ സർവ്വേ രീതിയിലാണ് ഫീൽഡിൽ നിന്നും വിവര ശേഖരണം നടത്തിയിരുന്നത്. എന്നാൽ 2023 വർഷത്തിൽ ഇത് എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും ഉൾപ്പെടുത്തി സെൻസസ് ആയാണ് നടത്തുന്നത്. നിലവിൽ ഇൻലാൻഡ് ജില്ലകളിൽ ഫീൽഡ് ഡാറ്റാ ശേഖരണം പൂർത്തിയായിട്ടുണ്ട്. മറൈൻ ജില്ലകളിൽ ഫീൽഡ് തല ശേഖരണം നടന്നു വരികയാണ്. 2 മാസത്തിനകം സെൻസസ് പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**ഈ സെൻസസിലൂടെ ശേഖരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br>1. തിരിച്ചറിയൽ വിവരങ്ങൾ.<br>2. കുടുംബാംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ.<br><br>3. ഭവനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ.<br><br>4. ഗാർഹിക സൗകര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ.<br><br>5. സാമ്പത്തികം സംബന്ധിക്കുന്ന വിവരങ്ങൾ.<br><br>6. വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ.<br><br>7. മത്സ്യ ബന്ധന ഉപകരണങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ.<br><br>8. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെ സംബന്ധിക്കുന്ന വിവരങ്ങൾ. |
| (സി) | സർവ്വേയിലൂടെയുള്ള വിവരശേഖരണം ഏതെല്ലാം രൂപത്തിൽ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (സി) | കേരളത്തിലെ മറൈൻ മേഖലയിലെയും ഉൾനാടൻ മേഖലയിലെയും അനുബന്ധ തൊഴിലാളികളും പെൻഷൻകാരും ഉൾപ്പെടെയുള്ള എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനാണ് സാമൂഹിക സാമ്പത്തിക സെൻസസ് ലക്ഷ്യമിടുന്നത്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങളായ ജനസംഖ്യ, സാമ്പത്തിക സ്ഥിതി, തൊഴിൽ വിശദാംശങ്ങൾ, ആരോഗ്യം, അസുഖം, വിദ്യാഭ്യാസം, പാർപ്പിട സ്ഥിതി, ആസ്തികൾ, അടിസ്ഥാന സൗകര്യ വിവരങ്ങൾ മുതലായവ ശേഖരിക്കുക എന്നതാണ് ഈ സെൻസസിന്റെ ലക്ഷ്യം. ഈ വിശദാംശങ്ങൾ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) - ലെ ഡാറ്റാബേസ് - ൽ അപ്‌ലോഡ് ചെയ്യുന്നത് മൂലം |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളുടെ വിവിധ തരം സാമൂഹിക-സാമ്പത്തിക സൂചകങ്ങൾ നിർമ്മിക്കാൻ കഴിയും.<br><br>* കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ സമഗ്രവും വിശ്വസനീയവുമായ ഡാറ്റാബേസ് ശേഖരിക്കുന്നതിനും പദ്ധതി നിർവഹണത്തിനും ഈ റിപ്പോർട്ട് ഉപയോഗപ്രദമായിരിക്കും.<br><br>* മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും വികസനത്തിനും ലക്ഷ്യമിട്ടുള്ള നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിന് പ്രയോജനപ്രദമായിരിക്കും.<br><br>*മത്സ്യത്തൊഴിലാളി സമൂഹം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നതിന് സഹായകരമായിരിക്കും.<br><br>* മത്സ്യത്തൊഴിലാളി മേഖലയിലെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അത് വഴി മത്സ്യത്തൊഴിലാളി സമൂഹത്തെ ശാക്തീകരിക്കുക, അവരുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്ന വികസന സംരംഭങ്ങളിൽ പങ്കാളിത്തവും ഉടമസ്ഥാവകാശവും ഉറപ്പാക്കുന്നതിനു സാമൂഹിക സാമ്പത്തിക സെൻസസ് സഹായകമാകും. |

സെക്ഷൻ ഓഫീസർ